അശ്റഫ് കീഴുപറമ്പ്

# ധൈഷണികരംഗം സജീവമായ വർഷം

*2007 ഒക്ടോബർ 13*

മുസ്‌ലിംലോകത്തെ ഏതാണ്ടെല്ലാ ചിന്താധാരകളെയും പ്രതിനിധീകരിക്കുന്ന 138 പണ്ഡിതന്മാർ ഒപ്പിട്ട ഒരു തുറന്ന കത്ത് പോപ്പ് ബെനഡിക്ട് പതിനാറാമനും മറ്റു ക്രിസ്ത്യൻ വിഭാഗങ്ങളുടെ തലവന്മാർക്കും ലഭിക്കുന്നു. 'നിങ്ങളും ഞങ്ങളും യോജിക്കുന്ന പൊതുവാക്യം' എന്നായിരുന്നു കത്തിന്റെ തലക്കെട്ട്.

*2007 നവംബർ 18*

മറുപടിയായി 300 ക്രിസ്ത്യൻ പണ്ഡിതന്മാർ *ദ ന്യൂയോർക്ക് ടൈംസിൽ* ഒരു ഫുൾപേജ് പരസ്യം പ്രസിദ്ധീകരിക്കുന്നു.

*2007 നവംബർ 19*

'ലോകത്ത് സമാധാനം കൈവരുത്താനുള്ള പൊതു ആഹ്വാനത്തെ' വത്തിക്കാൻ പ്രശംസിക്കുന്നു. 'പൊതുവാക്യ'ത്തിൽ ഒപ്പിട്ട 138 പണ്ഡിതന്മാരെയും വത്തിക്കാൻ സ്വീകരിച്ച് ചർച്ച നടത്താമെന്ന് വാഗ്ദാനം.

*** *** ***




**പോയ** വർഷത്തെ ഏറ്റവും ശ്രദ്ധേയമായ സംഭവങ്ങളിലൊന്നാണ് ഈ കത്തും അതിന് വിവിധ ഔദ്യോഗിക കേന്ദ്രങ്ങളിൽനിന്ന് ലഭിച്ച മറുപടികളും. 'മുസ്‌ലിംകളും ക്രിസ്ത്യാനികളും ചേർന്നാൽ ലോക ജനസംഖ്യയുടെ പകുതിയിലധികമായി. ഈ രണ്ട് മതസമൂഹങ്ങൾക്കിടയിൽ നീതിയും സമാധാനവും പുലരുന്നില്ലെങ്കിൽ ലോകത്തും അത് പ്രതീക്ഷിക്കുന്നതിന് അർഥമില്ല. ക്രിസ്ത്യൻ-മുസ്‌ലിം സമാധാനശ്രമങ്ങളെ ആശ്രയിച്ചുനിൽക്കുന്നു ലോകത്തിന്റെ ഭാവി'- മുസ്‌ലിം പണ്ഡിതന്മാർ തയാറാക്കിയ കത്തിന്റെ ആദ്യ വാക്യങ്ങൾ. ഇരുവിഭാഗവും പൊതുവായി പങ്കുവെക്കുന്ന മൂല്യങ്ങളിൽ ഒന്നിക്കുകയാണ് സൗഹൃദം ഊട്ടിയുറപ്പിക്കാനുള്ള വഴിയെന്നും കത്ത് നിർദേശിക്കുന്നു. ഏകദൈവത്തെ സ്നേഹിക്കുക, അയൽക്കാരനെ സ്നേഹിക്കുക- ഇതാണ് സമാധാന ചർച്ചകൾക്ക് അടിത്തറയാവേണ്ടത്. ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചും അയൽക്കാരനെ സ്നേഹിക്കേണ്ടതിനെക്കുറിച്ചും ഖുർആനും ബൈബിളും ഒരുപോലെ ഊന്നിപ്പറയുന്നുണ്ട്. 'ആയതിനാൽ വിശുദ്ധ ഖുർആന്റെ അധ്യാപനം ഉൾക്കൊണ്ട് ഞങ്ങൾ മുസ്‌ലിംകൾ ക്രിസ്ത്യൻ സഹോദരന്മാരെ ഇരുവിഭാഗവും പൊതുവായി പങ്കുവെക്കുന്ന മൂല്യങ്ങളിലേക്ക് ക്ഷണിക്കുന്നു.'

ഇതിനുള്ള മറുപടിയാണ് 300 ക്രിസ്ത്യൻ മേധാവികളും പണ്ഡിതന്മാരും ഒപ്പുവെച്ച കത്ത് 'ദൈവത്തെയും അയൽക്കാരനെയും ഒന്നിച്ച് സ്നേഹിക്കാം' എന്ന തലക്കെട്ടോടെ *ദ ന്യൂയോർക്ക് ടൈംസ്* പരസ്യരൂപത്തിൽ പ്രസിദ്ധീകരിച്ചത്. യേൽ സെന്റർ ഫോർ ഫെയ്ത്ത് ആന്റ് കൾച്ചർ ആണ് കത്തിന്റെ കരട്

തയാറാക്കിയത്. അമേരിക്കയിലെ ഇവാഞ്ചലിക്കൽ ചർച്ചുകളെ പ്രതിനിധീകരിച്ച് റിക് വാറൻ, റോബർട്ട് ഷുള്ളർ, ബിൽ ഹൈബൽസ് എന്നിവർ ഒപ്പുവെച്ചു. ഹാർവാർഡ് ഡിവിനിറ്റി സ്കൂളിലെ ഹാർവി യോക്സ്, ഫുള്ളർ തിയോളജിക്കൽ സെമിനാരിയിലെ റിച്ചാർഡ് മോ, യൂനിയൻ തിയോളജിക്കൽ സെമിനാരി പ്രസിഡന്റ് ജോസഫ് ഹോ, നാഷനൽ അസോസിയേഷൻഓഫ് ഇവാഞ്ചലിക്കൽ വൈസ് പ്രസിഡന്റ് റിച്ചാർഡ് സിസിക്, *ക്രിസ്ത്യൻ സെഞ്ചുറി*യുടെ എഡിറ്റർ ജോൺ ബുച്ചനൻ, *ക്രിസ്ത്യാനിറ്റി ടുഡേ*യുടെ എഡിറ്റർ ഇൻ ചീഫ് ഡേവിഡ് നഫ്ഫ് എന്നിവരും ഒപ്പ് വെച്ചവരിൽ ഉൾപ്പെടും. മുസ്‌ലിം പണ്ഡിതന്മാരുടെ ആഹ്വാനം തങ്ങളെ ആവേശഭരിതരാക്കി എന്ന് മറുപടിക്കത്തിന്റെ ആമുഖത്തിൽ പറയുന്നു. 'മുസ്‌ലിംകൾ നീട്ടിയ കരങ്ങൾ ലോകസമാധാനത്തിന് ക്രിസ്ത്യൻ സമൂഹങ്ങളുമായി സഹകരിക്കാൻ തയാറാണെന്നതിന്റെ സൂചനയായി ഞങ്ങൾ മനസ്സിലാക്കുന്നു'. അതേ സമയം ഇരുസമൂഹങ്ങളും തമ്മിൽ കാലാകാലങ്ങളിലുണ്ടായ ശത്രുതയും വൈരവും കാണാതിരിക്കുന്നുമില്ല. 'മുസ്‌ലിംകളും ക്രിസ്ത്യാനികളും എല്ലായ്പ്പോഴും സൗഹൃദത്തോടെ ഹസ്തദാനം ചെയ്തവരായിരുന്നില്ല. അവർ തമ്മിലുള്ള ബന്ധം ചിലപ്പോൾ സംഘർഷഭരിതമായിരുന്നു; പ്രകടമായ ശത്രുതയിലേക്ക് വരെ അത് എത്തിയിട്ടുണ്ട്.... മുൻ കാലങ്ങളിലും (ഉദാ: കുരിശുയുദ്ധങ്ങൾ) ഇപ്പോഴും (ഉദാ: 'ഭീകരതാവിരുദ്ധ യുദ്ധ'ത്തിലെ അതിര് കവിയലുകൾ) പല ക്രിസ്ത്യാനികളും മുസ്‌ലിം അയൽവാസികളോട് തെറ്റ് ചെയ്തുപോയിട്ടുണ്ട്. അത് ഞങ്ങൾ സമ്മതിക്കുന്നു. അതിനാൽ ഹസ്തദാനം ചെയ്യും മുമ്പ്, കാരുണ്യവാനായ ദൈവത്തോടും മുസ്‌ലിം സമൂഹത്തോടും ഞങ്ങൾ മാപ്പ് അപേക്ഷിക്കുന്നു'.

ഇതേ വികാരം പങ്കുവെച്ചുകൊണ്ട് വിവിധ ചർച്ച് മേധാവികളും രംഗത്തുവന്നു. വത്തിക്കാന്റെ പ്രതികരണം തണുപ്പനായിരുന്നു എന്ന ആക്ഷേപമുണ്ട്. പോപ്പ് നേരിൽ പ്രതികരിക്കാൻ തയാറായില്ല. പോപ്പിന്റെ സെക്രട്ടറി ജോർദാൻ രാജാവിന് ഒരു പ്രതികരണം അയച്ചുകൊടുക്കുകയായിരുന്നു. ജോർദാൻ രാജാവിന്റെ മേൽനോട്ടത്തിലാണ് മുസ്‌ലിം പണ്ഡിതന്മാർ കത്ത് തയാറാക്കിയിരുന്നത്. രാജാവും അതിൽ ഒപ്പിട്ടിരുന്നു. മുൻകാലങ്ങളിൽ കത്തോലിക്കാ ചർച്ചിന്റെ പ്രേരണയിൽ മുസ്‌ലിംലോകത്ത് നടത്തിയ കടാന്നക്രമണങ്ങളെക്കുറിച്ച് മൗനം പാലിച്ചെങ്കിലും, ലോകസമാധാനത്തിന് ഇരുവിഭാഗങ്ങളും ഒന്നിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത പോപ്പും ഊന്നിപ്പറഞ്ഞു.


നാജിഹ് ഇബ്റാഹീം


**ആശയപരമായി മത്സരിക്കാൻ പ്രതിയോഗികളില്ലാത്തതിനാലാവാം ഇസ്‌ലാമികാഭിമുഖ്യമുള്ള വിവിധ ചിന്താധാരകൾ മുഖ്യധാരയിൽ സജീവമാണ്. കഴിഞ്ഞ വർഷം മൊറോക്കോയിൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ നാല് ഇസ്‌ലാമിസ്റ്റ് കക്ഷികളാണ് മത്സരരംഗത്തുണ്ടായിരുന്നത്. പ്രവർത്തന ശൈലിയിലും ഊന്നലുകളിലുമുള്ള മാറ്റമാണ് ഇസ്‌ലാമിക സംഘടനകളുടെ ബഹുത്വത്തിന് കാരണം. ലിബറൽ വീക്ഷണങ്ങളും സംഘടനകളുടെ ആവിർഭാവത്തിന് നിമിത്തമാവുന്നുണ്ട്. തുർക്കിയിൽ സംഭവിച്ചത് അതാണ്. നജ്മുദ്ദീൻ അർബകാന്റെ 'യാഥാസ്ഥിതിക' വീക്ഷണങ്ങളോട് കലഹിച്ചാണ് ഉർദുഗാൻ എ.കെ പാർട്ടി രൂപവത്കരിക്കുന്നത്.**

കത്തിനും മറുപടിക്കത്തിനും ശേഷം ഇബ്റാഹീമീ പാരമ്പര്യത്തിൽ പെടുന്ന ജൂത, ക്രൈസ്തവ, ഇസ്‌ലാം മതാനുയായികൾ തമ്മിൽ സംവാദത്തിനുള്ള പുതിയ വേദികൾ രൂപംകൊള്ളുന്നതായി റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നു.

### പ്രതിയോഗിയുടെ പതനം

തൊള്ളായിരത്തി മുപ്പതുകളിൽ അറബ് നാടുകളിൽ സന്ദർശനം നടത്തിയ ഒരു പാശ്ചാത്യ എഴുത്തുകാരൻ ഇങ്ങനെ കുറിച്ചിട്ടു: 'ഈ നാടുകളിൽ പാശ്ചാത്യ സെക്യുലരിസത്തിന്റെ കടന്നുകയറ്റം വളരെ മാരകമാണ്. ഇവിടത്തെ തദ്ദേശീയമായ അറബ്-ഇസ്‌ലാമിക സംസ്കാരത്തെയും പൈതൃകത്തെയും സംരക്ഷിക്കാൻ എന്തെങ്കിലുമൊക്കെ ചെയ്യേണ്ടിയിരിക്കുന്നു'. ഇന്ന് ചിത്രം പാടെ മാറിക്കഴിഞ്ഞു. പാശ്ചാത്യ മതവിരുദ്ധ സെക്യുലരിസമാണ് ഇപ്പോൾ മുസ്‌ലിം ലോകത്ത് ഗതികിട്ടാതെ അലയുന്നത്. തുർക്കിയിൽ കമാലിസം ജനമനസ്സുകളിൽനിന്ന് കുടിയിറങ്ങിക്കഴിഞ്ഞു എന്നാണ് പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇസ്‌ലാമികാഭിമുഖ്യമുള്ള എ.കെ പാർട്ടിയുടെ ശക്തമായ തിരിച്ചുവരവ് നൽകുന്ന സൂചന. സൈന്യം കണ്ണുരുട്ടി പേടിപ്പിച്ചാണ് കമാലിസ്റ്റ് മുദ്രകൾ നിലനിർത്തുന്നത്. അറബ് നാടുകളിലും സ്ഥിതി ഭിന്നമല്ല. മതവിരുദ്ധമായ സെക്യുലരിസ്റ്റ് ആശയങ്ങൾ ജനഹൃദയങ്ങളിൽനിന്ന് നിഷ്ക്രമിച്ചുകൊണ്ടിരിക്കുകയാണെന്ന് *അൽജസീറ* നെറ്റ് പ്രസിദ്ധീകരിച്ച നിരവധി പഠനങ്ങൾ വ്യക്തമാക്കുന്നു. സദ്ദാമിന്റെ പതനത്തോടെ ഇറാഖിൽ ബഅ്സ് സോഷ്യലിസ്റ്റ് പാർട്ടി ഇല്ലാതായെന്ന് പറയാം. സിറിയയിൽ ബഅ്സ് എന്നാൽ ഭരണകൂടഭീകരതയുടെ അടയാളമാണ്. നിയോനാസിറിസ്റ്റുകളാവട്ടെ വംശനാശം നേരിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഇസ്‌ലാമികാഭിമുഖ്യമുള്ള സംഘടനകളും സ്ഥാപനങ്ങളുമാണ് ഈ ശൂന്യതയിലേക്ക് കയറിനിൽക്കുന്നത്. ആശയപരമായി മത്സരിക്കാൻ പ്രതിയോഗികളില്ലാത്തതിനാലാവാം ഇസ്‌ലാമികാഭിമുഖ്യമുള്ള വിവിധ ചിന്താധാരകൾ മുഖ്യധാരയിൽ സജീവമാണ്. കഴിഞ്ഞ വർഷം മൊറോക്കോയിൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ നാല് ഇസ്‌ലാമിസ്റ്റ് കക്ഷികളാണ് മത്സരരംഗത്തുണ്ടായിരുന്നത്. പ്രവർത്തന ശൈലിയിലും ഊന്നലുകളിലുമുള്ള മാറ്റമാണ് ഇസ്‌ലാമിക സംഘടനകളുടെ ബഹുത്വത്തിന് കാരണം. ലിബറൽ വീക്ഷണങ്ങളും സംഘടനകളുടെ ആവിർഭാവത്തിന് നിമിത്തമാവുന്നുണ്ട്. തുർക്കിയിൽ സംഭവിച്ചത് അതാണ്. നജ്മുദ്ദീൻ അർബകാന്റെ 'യാഥാസ്ഥിതിക' വീക്ഷണങ്ങളോട് കലഹിച്ചാണ് ഉർദുഗാൻ എ.കെ പാർട്ടി രൂപവത്കരിക്കുന്നത്. ഉർദുഗാന്റെ പരീക്ഷണങ്ങൾ ഒരു രാഷ്ട്രീയ വിജയമായിരുന്നെങ്കിലും



ഡോ. ഫദ്ൽ

**അൽഖാഇദയുടെ ഒളിത്താവളങ്ങളിൽ പഠിപ്പിക്കപ്പെടുന്ന *സന്നാഹങ്ങൾ ഒരുക്കൽ* (1988) എന്ന കൃതിയിലെ ആശയങ്ങളാണ് ഡോ. ഫദ്ൽ തള്ളിക്കളഞ്ഞത്. ടൂറിസ്റ്റുകളെയും സിവിലിയന്മാരെയും വധിക്കുന്നതും ഉപാധികൾ പൂർത്തിയാക്കാതെ മുസ്‌ലിം ഭരണാധികാരികൾക്കെതിരെ സായുധസമരത്തിനിറങ്ങുന്നതും വിദേശനാടുകളിൽ സ്ഫോടനങ്ങൾ നടത്തുന്നതും ഇസ്‌ലാമിക ദൃഷ്ട്യാ പാതകം തന്നെയാണെന്ന് അദ്ദേഹം കുറ്റമേറ്റു. അൽജിഹാദ് പോലുള്ള സംഘടനകൾ ഏകാധിപത്യ ഭരണകൂടങ്ങളേക്കാൾ തീവ്രത പുലർത്തുന്നവയാണെന്നും അതിനാൽ ഈ കുറ്റമേൽക്കൽ വളരെ പ്രാധാന്യമർഹിക്കുന്നുവെന്നും തീവ്രവാദചിന്ത ഉപേക്ഷിച്ച നാജിഹ് ഇബ്‌റാഹീം പറയുന്നു:**

ഇസ്‌ലാമിക ധിഷണാ കേന്ദ്രങ്ങൾ പൊതുവെ പരിധി കടന്ന ഈ പരീക്ഷണങ്ങളെ ആശങ്കയോടെയാണ് നോക്കിക്കാണുന്നത്. ഉർദുഗാനെ നിശിതമായി വിമർശിക്കുന്ന അർബകാന്റെ അഭിമുഖം *ഇഖ്‌വാൻ ഓൺ ലൈനി*ന്റെ ഇംഗ്ലീഷ് എഡിഷനിൽ ഉൾപ്പെടുത്തിയത് തെളിവായി ചൂണ്ടിക്കാട്ടാം.

ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ മിക്ക മുസ്‌ലിം നാടുകളിലും മുഖ്യ പ്രതിപക്ഷമാവുകയും ജനാധിപത്യ പ്രക്രിയയിൽ സജീവമായി പങ്കാളിത്തം വഹിക്കുകയും ചെയ്തതോടെ, സംഘടനാ സെറ്റപ്പിനെയും പ്രവർത്തനശൈലിയെയും കുറിച്ച് മൗലികമായ ചില ചോദ്യങ്ങളും ഉയർന്നുവന്നു. കൊളോണിയലിസം കത്തിനിൽക്കുന്ന ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ആവിർഭാവം. പാശ്ചാത്യ ഭൗതികതയും മതനിരാസതയുമായിരുന്നു പ്രസ്ഥാന നായകർക്ക് അഭിമുഖീകരിക്കേണ്ടിവന്ന ഏറ്റവും വലിയ വെല്ലുവിളി. പ്രത്യക്ഷ കൊളോണിയലിസം അവസാനിച്ച് മുസ്‌ലിം രാഷ്ട്രങ്ങൾ സ്വതന്ത്രമായപ്പോഴും അധികാരകേന്ദ്രങ്ങളിൽ കുടിയിരുത്തപ്പെട്ടത് തീവ്ര മതവിരുദ്ധർ തന്നെയായിരുന്നു. ഈയൊരു പശ്ചാത്തലത്തിലാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ നയവും പ്രവർത്തന പരിപാടിയും സംഘടനാ ചട്ടക്കൂടുമെല്ലാം രൂപപ്പെടുന്നത്. പാശ്ചാത്യ സെക്യുലറിസ്റ്റ് കാഴ്ചപ്പാടുകളെ നേരിടുകയെന്നത് ആ പ്രസ്ഥാനങ്ങളുടെ മുഖ്യ ലക്ഷ്യമായിത്തീർന്നതും സ്വാഭാവികം. മുക്കാൽ നൂറ്റാണ്ടിനു ശേഷം ഇന്ന് ചിത്രം പാടെ മാറിയിരിക്കുന്നു. ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ റോളിലും മാറ്റമുണ്ടായിട്ടുണ്ട്. മുമ്പ് ഇസ്‌ലാമികാഭിമുഖ്യമുള്ളവരുടെ മാത്രം സംഘടനയായിരുന്നെങ്കിൽ, ഇന്നത് തുർക്കിയിലെ എ.കെ പാർട്ടിയെപ്പോലെ, ഈജിപ്തിലെ ഇഖ്‌വാനെപ്പോലെ അവിടത്തെ അമുസ്‌ലിം ന്യൂനപക്ഷങ്ങളുടെ പോലും പ്രതീക്ഷയാണ്.

പക്ഷേ ഇതിനനുസരിച്ച് മാറ്റം ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ സംഘടനാ ചട്ടക്കൂടിലോ അജണ്ടകളിലോ പ്രവർത്തന പരിപാടിയിലോ ഉണ്ടായിട്ടില്ലെന്ന ചർച്ച കഴിഞ്ഞ വർഷം ഇസ്‌ലാമികവേദികളിൽ സജീവമായിരുന്നു. നാം പരമ്പരാഗതമായി പിന്തുടരുന്ന ഇസ്‌ലാമിക വ്യവഹാര(Islamic discourse)ത്തിൽ മൗലിക മാറ്റങ്ങൾ വേണമെന്ന് പ്രസ്ഥാനത്തിന്റെ അകത്തുള്ളവർ തന്നെ വാദിച്ചു. കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച നിരവധി പുസ്തകങ്ങളുടെയും ലേഖനങ്ങളുടെയും ഉള്ളടക്കം 'അൽഖിതാബുൽ ഇസ്‌ലാമി' (ഇസ്‌ലാമിക വ്യവഹാരം) ആയിരുന്നു. പ്രസംഗത്തിലെയും എഴുത്തിലെയും അഭിസംബോധന രീതികൾ മാറ്റുന്നതിൽ പരിമിതമല്ല ഇത്.

ജോർദാനിലെ ഇസ്‌ലാമിക ചിന്തകൻ ഇബ്‌റാഹീം ഗറായിബഃ എഴുതിയ 'ഇസ്‌ലാമിക വ്യവഹാരവും സാംസ്കാരിക സാമൂഹിക മാറ്റങ്ങളും' എന്ന പുസ്തകമാണ് ഈ വിഷയത്തിൽ ശ്രദ്ധേയമായി തോന്നിയത്. പ്രബോധനമേഖല അപ്പാടെ ഊഷരമായിരിക്കുന്നു എന്നാണ് അദ്ദേഹത്തിന്റെ പക്ഷം. പഴയ പ്രതിയോഗികൾ ഇല്ലാതായിട്ടും തികച്ചും വ്യത്യസ്തമായ സാമൂഹിക, രാഷ്ട്രീയ ചുറ്റുപാടുകൾ രൂപപ്പെട്ടിട്ടും ശൈലിയിൽ കാതലായ മാറ്റമുണ്ടാകാത്തതാണ് അതിനു കാരണം. മുസ്‌ലിംലോകത്ത് പ്രത്യക്ഷത്തിലല്ലെങ്കിലും പരോക്ഷമായി എല്ലാ മേഖലകളിലും ഇസ്‌ലാം ആഴത്തിൽ വേരോടിയിരിക്കുന്നു. ഇത് പ്രയോജനപ്പെടുത്താനും രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും സർവതോമുഖമായ വളർച്ചക്ക് ഇസ്‌ലാം എങ്ങനെ ഒരു ബദലായിത്തീരും എന്നു സമർഥിക്കാനും ഇന്നത്തെ രീതികൾ അപര്യാപ്തമാണ്. ഇസ്‌ലാമിക രാഷ്ട്രസങ്കൽപം പുനർനിർവചിക്കണം. സാങ്കേതിക സംജ്ഞകളും പ്രയോഗങ്ങളും കാലത്തിനൊത്ത് പുതുക്കുകയോ തിരുത്തുകയോ വേണം.

### പുതിയ നയരേഖകൾ

ഇത്തരം ചർച്ചകൾക്ക് ഗുണഫലങ്ങളും കാണാനുണ്ട്. കഴിഞ്ഞ വർഷം പുറത്തിറങ്ങിയ ഇഖ്‌വാന്റെയും ഇഖ്‌വാൻ അനുഭാവ സംഘടനകളുടെയും നയരേഖകൾ/തെരഞ്ഞെടുപ്പ് പത്രികകൾ അത് സാക്ഷ്യപ്പെടുത്തുന്നു. മത, വംശ ഭേദമില്ലാതെ രാജ്യനിവാസികളെ ഒന്നായി അഭിസംബോധന ചെയ്യുന്ന രീതിയാണ് അവയിൽ സ്വീകരിച്ചിരിക്കുന്നത്. ഓരോ നയരേഖയിലും ഇസ്‌ലാമിക രാഷ്ട്രത്തെ പുതിയ പശ്ചാത്തലത്തിൽ നിർവചിക്കുന്നു. അത് മതരാഷ്ട്രമോ സെക്യുലർ രാഷ്ട്രമോ ആയിരിക്കില്ല. ഭരണാധികാരിക്ക് ദിവ്യാധികാരങ്ങളുണ്ടെന്ന് സങ്കൽപിക്കുക, മതപൗരോഹിത്യത്തിന് മേൽക്കൈ ഉണ്ടാവുക, ബ്രാഹ്മണിസം പോലുള്ള വംശീയ വാദങ്ങളെ അടിസ്ഥാനപ്പെടുത്തുക തുടങ്ങിയ കാരണങ്ങളാലാണ് ഇന്ന് വ്യവഹരിക്കപ്പെടുന്ന അർഥത്തിൽ മതരാഷ്ട്രം രൂപം കൊള്ളുന്നത്. ഇവയുടെയെല്ലാം നിഷേധമാണ് ഇസ്‌ലാമിക രാഷ്ട്ര സങ്കൽപം. അധികാരനിർവഹണം ജനങ്ങളെ ഏൽപിക്കുന്ന സിവിൽ രാഷ്ട്രസങ്കൽപമാണ് ഇസ്‌ലാമിന്റേത്. ഇസ്‌ലാമിക ശരീഅത്ത് രാഷ്ട്രത്തിന്റെ ആദർശ അടിത്തറയായി നിലകൊള്ളും.

സിറിയയിലെ ഇഖ്‌വാനുൽ മുസ്‌ലിമൂൻ കഴിഞ്ഞ വർഷം പുറത്തിറക്കിയ നയരേഖയിൽ ഇസ്‌ലാമിക ഭരണക്രമത്തിന്റെ അടിസ്ഥാനങ്ങൾ വിശദീകരിച്ചി

ട്ടുണ്ട്. ജനങ്ങളുമായി ഒരു കരാറിൽ ഏർപ്പെട്ടുകൊണ്ടേ ഒരാൾക്ക് ഭരണാധികാരിയാവാൻ കഴിയൂ (തആഖുദിയ്യ). കരാർ ലംഘിക്കുകയാണെങ്കിൽ ജനങ്ങൾക്ക് അയാളെ പുറത്താക്കാം. എല്ലാവർക്കും തുല്യ പൗരത്വം (മുവാത്വന) എന്നതാണ് മറ്റൊരു അടിസ്ഥാനം. ജനങ്ങളുടെ പ്രതിനിധിയാവണം ഭരണകർത്താവ് (തംസീലിയ്യ). വിവിധ രാഷ്ട്രീയ പാർട്ടികൾക്ക് പ്രവർത്തിക്കാനും മത്സരിക്കാനും തുല്യ അവസരമുണ്ടാവും (തഅദ്ദുദിയ്യ). ജനഹിതമനുസരിച്ച് അധികാരം വിവിധ കക്ഷികളുടെ കൈകളിലേക്ക് വന്നുകൊണ്ടിരിക്കും (തദാവുലിയ്യ). ഈ അടിസ്ഥാനങ്ങളുടെ ഇസ്‌ലാമിക ന്യായങ്ങളും വിശദീകരിക്കുന്നു.

തജമ്മുഉൽ വത്വനി (മൗറിത്താനിയ), ഇഖ്‌വാനുൽ മുസ്‌ലിമൂൻ, ഹിസ്ബുൽ വസ്ത്വ് (ഈജിപ്ത്), ഹിസ്ബുന്നഹ്ള, ഹിസ്ബുൽ അദാല (മൊറോക്കോ), ഹമാസ് (ഫലസ്ത്വീൻ) എന്നീ സംഘടനകളുടെ നയരേഖകൾ ഇസ്‌ലാം ഓൺലൈൻ നെറ്റിൽ (അറബി) ഉണ്ട്. ഇസ്‌ലാമികാഭിമുഖ്യമുള്ള സംഘടനകളുടെ ചിന്താവികാസത്തിന് തെളിവ് കൂടിയാണ് ഈ നയരേഖകൾ.

### പുനരാലോചനകളുടെ വർഷം

1997-ലാണ് ഈജിപ്തിലെ അൽജമാഅഃ ഇസ്‌ലാമിയ്യ തീവ്രവാദം ഉപേക്ഷിക്കുന്നതായി പ്രഖ്യാപിച്ചത്. അത് കഴിഞ്ഞ് പത്തു വർഷത്തിനുശേഷം 2007-ൽ ഈജിപ്തിലെ തന്നെ അൽജിഹാദുൽ ഇസ്‌ലാമിയും അതേ പ്രഖ്യാപനം നടത്തി. തന്റെ മുൻകാല നിലപാടുകൾ പലതും തെറ്റായിരുന്നുവെന്ന് അൽജിഹാദിന്റെ താത്ത്വികാചാര്യനായി കണക്കാക്കപ്പെടുന്ന ഡോ. ഫദ്ൽ (സയ്യിദ് ഇമാം ശരീഫ്) തുറന്നു സമ്മതിച്ചു: "ഞാൻ പണ്ഡിതനോ മുഫ്തിയോ അല്ല. ശരീഅത്തിൽ ഗവേഷകനുമല്ല. എന്റെ ഗ്രന്ഥങ്ങൾ ഫത്‌വകളായി കാണരുത്. ജനങ്ങൾക്ക് അറിവ് എത്തിക്കുക മാത്രമാണ് അവ ചെയ്യുന്നത്. എന്റെ പുസ്തകങ്ങളിലുള്ളത് എന്റെ അഭിപ്രായങ്ങൾ മാത്രമാണ്. എഴുതിയ സമയത്ത് എനിക്കു സത്യമെന്നു തോന്നിയ കാര്യങ്ങളാണ് അവയിലുള്ളത്. ഇസ്‌ലാമിക പ്രമാണങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ ശരിയായ അഭിപ്രായത്തിലെത്താൻ കഴിയുകയാണെങ്കിൽ ഞാൻ ആദ്യത്തേത് കൈവെടിയും." ഈ ആമുഖത്തോടെയാണ് 'പുനരാലോചനകൾ' ആരംഭിക്കുന്നത്. അൽഖാഇദയുടെ ഒളിത്താവളങ്ങളിൽ പഠിപ്പിക്കപ്പെടുന്ന

**പാശ്ചാത്യ മതവിരുദ്ധ സെക്യുലരിസമാണ് ഇപ്പോൾ മുസ്‌ലിം ലോകത്ത് ഗതികിട്ടാതെ അലയുന്നത്. തുർക്കിയിൽ കമാലിസം ജനമനസ്സുകളിൽനിന്ന് കുടിയിറങ്ങിക്കഴിഞ്ഞു എന്നാണ് പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇസ്‌ലാമികാഭിമുഖ്യമുള്ള എ.കെ പാർട്ടിയുടെ ശക്തമായ തിരിച്ചുവരവ് നൽകുന്ന സൂചന. സൈന്യം കണ്ണുരുട്ടി പേടിപ്പിച്ചാണ് കമാലിസ്റ്റ് മുദ്രകൾ നിലനിർത്തുന്നത്. അറബ് നാടുകളിലും സ്ഥിതി ഭിന്നമല്ല. മതവിരുദ്ധമായ സെക്യുലരിസ്റ്റ് ആശയങ്ങൾ ജനഹൃദയങ്ങളിൽനിന്ന് നിഷ്ക്രമിച്ചുകൊണ്ടിരിക്കുകയാണെന്ന് *അൽജസീറ* നെറ്റ് പ്രസിദ്ധീകരിച്ച നിരവധി പഠനങ്ങൾ വ്യക്തമാക്കുന്നു.**

*സന്നാഹങ്ങൾ ഒരുക്കൽ* (1988) എന്ന കൃതിയിലെ ആശയങ്ങളാണ് ഡോ. ഫദ്ൽ തള്ളിക്കളഞ്ഞത്. ടൂറിസ്റ്റുകളെയും സിവിലിയന്മാരെയും വധിക്കുന്നതും ഉപാധികൾ പൂർത്തിയാക്കാതെ മുസ്‌ലിം ഭരണാധികാരികൾക്കെതിരെ സായുധസമരത്തിനിറങ്ങുന്നതും വിദേശ നാടുകളിൽ സ്ഫോടനങ്ങൾ നടത്തുന്നതും ഇസ്‌ലാമിക ദൃഷ്ട്യാ പാതകം തന്നെയാണെന്ന് അദ്ദേഹം കുറ്റമേറ്റു.

അൽജിഹാദ് പോലുള്ള സംഘടനകൾ ഏകാധിപത്യ ഭരണകൂടങ്ങളേക്കാൾ തീവ്രത പുലർത്തുന്നവയാണെന്നും അതിനാൽ ഈ കുറ്റമേൽക്കൽ വളരെ പ്രാധാന്യമർഹിക്കുന്നുവെന്നും തീവ്രവാദചിന്ത ഉപേക്ഷിച്ച നാജിഹ് ഇബ്റാഹീം പറയുന്നു: 'ഇത്ര എളുപ്പം അവർ വെളിച്ചത്തിലേക്ക് വരുമെന്ന് ആരും കരുതിയില്ല. ഒരു മല ഇളക്കിക്കൊണ്ട് വരുന്നതിനേക്കാൾ പ്രയാസകരമായിരുന്നു അവരെ സംബന്ധിച്ചേടത്തോളം തിരുത്തലുകൾ. കാരണം ഒരു സാധാരണ സംഘടനയല്ല അൽജിഹാദ്. പല നിലയിൽ ചിന്തിക്കുന്ന വിവിധ ഗ്രൂപ്പുകളുടെ ഒരു വേദിയാണത്. സർവാംഗീകൃത നേതൃത്വവും അതിനില്ല. തിരുത്താൻ വരുന്നവരെ സംശയത്തോടെയും വിദ്വേഷത്തോടെയുമാണ് അവർ കാണുക'.

അൽജിഹാദിന്റെ തിരുത്തൽ പ്രഖ്യാപനം വൈകാനും അതാണ് കാരണം. അണികളെ ബോധ്യപ്പെടുത്താനുള്ള കാലതാമസം. എന്നാലിത് വേണ്ടത്ര വിജയിച്ചിട്ടില്ല എന്നാണ് നിരീക്ഷകർ പറയുന്നത്. അൽജമാഅ ചെയ്തതു പോലെ, തീവ്രവാദ ആശയങ്ങൾ പ്രചരിപ്പിക്കുന്ന പുസ്തകങ്ങളെ പൂർണമായി തള്ളിപ്പറയാൻ ഡോ. ഫദ്ൽ തയാറാകാതിരുന്നത് അതുകൊണ്ടാണ്. അൽജിഹാദിന്റെ താത്ത്വികാചാര്യനാണെങ്കിലും കുറേകാലമായി അദ്ദേഹം ഔദ്യോഗിക നേതൃസ്ഥാനങ്ങളിൽ ഇല്ലാത്തത് ഉദ്ദേശിച്ച ഫലം ചെയ്യുമോ എന്നും സംശയമുണ്ട്. തീവ്രവാദ കേന്ദ്രങ്ങളെന്ന് സംശയിക്കുന്ന ഈ രണ്ട് സംഘടനകളും തീവ്രവാദം ഉപേക്ഷിച്ചിട്ടും ഭീകരപ്രവർത്തനങ്ങളിൽ ഒരു കുറവും വരാത്തത് തെളിവായി അവർ ചൂണ്ടിക്കാട്ടുന്നു. 'മഗ്‌രിബ് അൽഖാഇദ' എന്ന പേരിൽ മൊറോക്കോ, അൽജീരിയ തുടങ്ങിയ രാജ്യങ്ങളിൽ സ്ഫോടനങ്ങൾ നടത്തുന്ന സംഘത്തിന് ഈ സംഘടനകളിലെ ചില ഗ്രൂപ്പുകളുമായി ബന്ധമുണ്ടെന്നാണ് സംസാരം.

ഇങ്ങനെ ചില അപാകതകൾ ചൂണ്ടിക്കാട്ടാനുണ്ടെങ്കിലും, രണ്ട് സംഘടനകളുടെയും നിലപാടുമാറ്റം ലോകവ്യാപകമായി അനുകൂല പ്രതികരണങ്ങൾ സൃഷ്ടിച്ചതായി കാണാം. പല സംഘടനകളും തീവ്രവാദ ലൈൻ ഉപേക്ഷിച്ചു. മതതീവ്രത പ്രോത്സാഹിപ്പിക്കുന്നവരെ ഒറ്റപ്പെടുത്താൻ പൊതു മുസ്‌ലിംസമൂഹം ഒറ്റക്കെട്ടായി രംഗത്തുവന്നു. പള്ളികളോ മറ്റു സ്ഥാപനങ്ങളോ അത്തരം പ്രവർത്തനങ്ങൾക്ക് വേദിയാകാതിരിക്കാൻ അവർ ജാഗ്രത പുലർത്തുന്നു. 2007 നവംബർ 29-ന് ബ്രിട്ടനിലെ മോസ്ക്സ്& ഇമാംസ് നാഷ്നൽ അഡ്വൈസറി ബോർഡ് (MINAB) പള്ളികൾക്ക് നൽകിയ കണിശമായ മാർഗനിർദേശങ്ങൾ ഇതിന് തെളിവാണ്.

*** *** ***

വളരെക്കാലത്തിനു ശേഷം ഇസ്‌ലാമിക ലോകത്തിനു ധൈഷണിക ഉണർവ് പകർന്ന വർഷമാണ് കടന്നുപോയത്. ഇഖ്‌വാൻ ഉൾപ്പടെയുള്ള ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ തുറന്ന ചർച്ചകളെ പ്രോത്സാഹിപ്പിച്ചത് ഇതിന് കരുത്ത് പകർന്നു. വരും വർഷങ്ങളിൽ മാറ്റങ്ങളെ ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു ഇസ്‌ലാമിക വ്യവഹാരം ഈ ചർച്ചകളിലൂടെ രൂപപ്പെടുമെന്ന് പ്രതീക്ഷിക്കാം. ■